(ബി) പണി നിന്നതിനു മുൻപ് യൂണിയനുകളിൽനിന്നു നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. പിന്നീട് 25-2-1985-നു കക്ഷികൾ നേരിട്ടു ചർച്ചനടത്തി ഒത്തുതീർപ്പുണ്ടാക്കിയിട്ടുണ്ട്. ഈ ഒത്തുതീർപ്പുകരാർ ലംഘിച്ചതായി യൂണിയനുകളിൽ നിന്ന് പരാതി ലഭിച്ചിട്ടുണ്ട്.

(സി) പരാതിയുടെ അടിസ്ഥാനത്തിൽ പാലക്കാട് ഡിസ്ട്രിക്ട് ലേബർ ഓഫീസർ ഈ കേസിൽ 16 അനുരഞ്ജന സംഭാഷണങ്ങൾ നടത്തുകയുണ്ടായി. ചർച്ച പരാജയപ്പെട്ടതിനാൽ തൊഴിൽ തർക്കനിയമത്തിലെ 12 (4) ചട്ട പ്രകാരം ഉള്ള റിപ്പോർട്ട് കോഴിക്കോട് ജോയിന്റ് ലേബർ കമ്മീഷണർക്കു മേൽ നടപടികൾക്കായി അയച്ചിട്ടുണ്ട്.

പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ ഏറ്റെടുക്കാൻ നടപടി

1286 [1753] ശ്രീമതി പി. ദേവുട്ടി :
ശ്രീ. സി. കെ. തങ്കപ്പൻ :
,, പി. വി. കുഞ്ഞിക്കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ ഏറ്റെടുത്ത് കാഷ്യൂ കോർപ്പറേഷൻ വഴി പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഇപ്പോൾ സംസ്ഥാനത്ത് എത്ര കശുവണ്ടി ഫാക്ടറികൾ പൂട്ടിക്കിടപ്പുണ്ട് ?

ഉത്തരം

(എ) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽ ഇപ്പോൾ 34 ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ ഫാക്ടറികൾ കാഷ്യൂ കോർപ്പറേഷന്റെ കീഴിൽ കൊണ്ടുവന്നാൽ അത് കോർപ്പറേഷന്റെ സുഗമമായ പ്രവർത്തനത്തിന് വിഘാതമാകുമെന്നുള്ളതു കൊണ്ട് പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ കോർപ്പറേഷൻ വഴി പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല.

(ബി) 31-5-1985 വരെയുള്ള കണക്കനുസരിച്ച് 56 ഫാക്ടറികൾ പൂട്ടിക്കിടക്കുന്നുണ്ട്.

തൊഴിലില്ലായ്മാ വേതനം

1287. [1754] ശ്രീ. വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ വർഷവും തൊഴിലില്ലായ്മാ വേതനം ലഭിച്ചവരുടെ കണക്കും അവർക്ക് നൽകിയ വേതനത്തിന്റെ കണക്കും എത്ര വീതം ;

(ബി) അനുവദിച്ചവർക്ക് കുടിശ്ശിക സംഖ്യ നൽകുവാനുണ്ടോ ;

(സി) തൊഴിലില്ലായ്മാ വേതനം നൽകുന്നതിന്റെ മാനദണ്ഡം എന്ത് ;

(ഡി) തൊഴിലില്ലായ്മാ വേതനം അനുവദിച്ചവർ ഏതെങ്കിലും പരീക്ഷയ്ക്കിരുന്നാൽ വേതനം നൽകില്ലെന്ന് വല്ല ഉത്തരവും ഉണ്ടോ ;

(ഇ) ഇരിഞ്ഞാലക്കുട എംപ്ലായ്മെന്റ് ഓഫീസർ ഇത്തരക്കാർക്കു വേതനം നൽകിയില്ലെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly